**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1648

3.10.2011 ൽ
മറുപടിയ്ക്ക്

**എലവഞ്ചേരി മുതലമട പഞ്ചായത്തിൽ മാവേലി സ്റ്റോർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സ്ഥലസൗകര്യവും, കോർപ്പറേഷനിലേക്ക് അടക്കേണ്ട തുകയും പഞ്ചായത്ത് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) എലവഞ്ചേരി പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള സ്ഥലസൗകര്യവും, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കുള്ള തുകയും പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. മുതലമട പഞ്ചായത്തിൽ മാവേലി സ്റ്റോറിനായുള്ള സ്ഥലസൗകര്യം അനുവദിച്ചിട്ടുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള തുക ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പഞ്ചായത്തുകളിൽ എന്നു മുതൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ബി) ജീവനക്കാരുടെ ലഭ്യത അനുസരിച്ച് എലവഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ സപ്ലൈകോയുടെ നിലവിലെ മാനദണ്ഡത്തിനു വിധേയമായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ